LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്ക്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്കും അടച്ചുപൂട്ടിയ ഗവൺമെന്റ് സ്ക്കൂളുകളും

87 [1492] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സർക്കാർ സ്ക്കൂളുകൾ, എയ്ഡഡ് സ്ക്കൂളുകൾ, അൺ എയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ എയ്ഡഡ് സ്ക്കൂളുകളാക്കി എന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) അൺ എയ്ഡഡ് സ്ക്കൂളുകളെ എയ്ഡഡ് ആക്കിയതിലൂടെ സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ ബാധ്യത ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ഗവൺമെന്റ് സ്ക്കൂളുകൾ അടച്ചുപൂട്ടി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-2004-ലെ സ്ക്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (എ) ആയി വച്ചിട്ടുണ്ട്.† സ്ക്കൂളുകളുടെ പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അൺഎയ്ഡഡ് സ്ക്കൂളുകൾ ഒന്നും എയ്ഡഡ് ആക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയ ഗവൺമെന്റ് സ്ക്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (ബി) ആയി വച്ചിട്ടുണ്ട്.‡

അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം

83 [1493] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

---

† അനുബന്ധം II കാണുക

‡ അനുബന്ധം II (എ) കാണുക

(ബി) ഇനി എത്ര സ്ക്കൂളുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം ആരാണ് നിർണ്ണയിക്കുന്നത്?

ഉത്തരം

(എ) അപ്ഗ്രഡേഷൻ ഉൾപ്പെടെ 484 അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമവും അനുസരിച്ചാണ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നത്.

സംസ്ഥാനത്ത് അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

84 [1494] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരോ ജില്ലയിലും അൺ എയ്ഡഡ് മേഖലയിൽ എത്ര ലോവർ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂളുകൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ വീതം പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ക്കൂളുകളിൽ ഭീമമായ തുക സംഭാവനയായും ഫീസായും ഈടാക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ക്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) പരിശോധിക്കുന്നതാണ്.

(സി) കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം അഞ്ച് റൂൾ 2-നു വിധേയമായി അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്ന സ്ക്കൂളുകൾക്ക് അടുത്തുള്ള സ്ക്കൂളുകൾ, ആ സ്ക്കൂളിലെ കുട്ടികളുടെ എണ്ണം, ദൂരം, ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത, മറ്റ് സ്ക്കൂളുകളുടെ നിലനിൽപ്പിനെ ബാധിക്കാതിരിക്കൽ എന്നീ കാര്യങ്ങൾ കണക്കിലെടുത്താണ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നത്.

† അനുബന്ധം III കാണുക

LIBRARY ARCHIVES Kerala Legislative Assembly